# OIL PALM INDIA LIMITED

(A joint venture of the Govt. of Kerala and the Govt. of India)
Regd. Office: XIV / 130, Kottayam South P.O., Kodimatha, Kottayam, Kerala – 686013.
Phone: 0481- 2566882, 2567103, 2567104, Fax: 0481-2561442, E-mail: mdopil@yahoo.co.in

**നിയമന പരസ്യം നമ്പർ. ഒപി/പിഡി/2018/5** **17-10-2018**

കമ്പനിയിലെ വിവിധ എണ്ണപ്പന പ്ലാന്റേഷനുകളിലേക്ക് ദിവസവേതനത്തിൽ തൊഴിലാളിയായി (വർക്കർ കാറ്റഗറി) നിയമിക്കുന്നതിനായി ഇതോടൊപ്പമുള്ള നിശ്ചിത മാതൃകയിൽ അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു.

1. **തസ്തിക:**

   വർക്കർ (ദിവസ വേതന അടിസ്ഥാനത്തിൽ)

2. **യോഗ്യത:**

   **(എ)പ്രായം:**
   01.01.2018ൽ 18 വയസ് പൂർത്തിയായവരും 36 വയസ് കഴിയാത്തവരും (01-01-2000 തീയതിക്കും 01-01-1982 തീയതിയ്ക്കും ഇടയിൽ ജനിച്ചവർ). എസ്.സി/എസ്.ടി, ഒ.ബി.സി. മുതലായ വിഭാഗങ്ങൾക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള വയസ്സിളവ് ബാധകം.

   **(ബി) വിദ്യാഭ്യാസം:**
   സ്കൂൾ വിദ്യാഭ്യാസമുള്ളവരും എന്നാൽ പത്താം ക്ലാസിന് മേൽ ഉന്നത വിദ്യാഭ്യാസ യോഗ്യത ഇല്ലാത്തവരുമായിരിക്കണം. പത്താം ക്ലാസിന് മേൽ ഉന്നത വിദ്യാഭ്യാസ യോഗ്യതയുള്ളവർ അപേക്ഷിക്കുവാൻ യോഗ്യരല്ലാത്തതാണ്.

3. **അപേക്ഷിക്കേണ്ട വിധം:**
   ഇതോടൊപ്പമുള്ള നിശ്ചിത മാതൃകയിൽ വയസ്, സ്കൂൾ വിദ്യാഭ്യാസം എന്നിവ തെളിയിക്കുന്നതിനായുള്ള സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം പാസ്പോർട്ട് സൈസിലുള്ള ഫോട്ടോയും പതിച്ച് അപേക്ഷ **ഓയിൽ പാം ഇൻഡ്യ ലിമിറ്റഡ്, രജിസ്റ്റേർഡ് ഓഫീസ്, കോടിമത, കോട്ടയം സൗത്ത് പി.ഒ, കോട്ടയം – 686013** എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്.

   അപേക്ഷ അയക്കുന്ന കവറിന് പുറത്ത് **"വർക്കർ നിയമനത്തിനായുള്ള അപേക്ഷ"** എന്ന് പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. അപൂർണ്ണമായതും, ഒപ്പ് രേഖപ്പെടുത്താത്തതും, സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉള്ളടക്കം ചെയ്യാത്തതുമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല. **ഇ–മെയിലായി അയക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.**

4. **അപേക്ഷ ലഭിക്കേണ്ട അവസാന തീയതി:**
   26-12-2018 വൈകുന്നേരം 4.00 മണിക്ക് മുമ്പായി രജിസ്റ്റേർഡ് ഓഫീസിൽ ലഭിക്കേണ്ടതാണ്.

Regd. Office: XIV / 130, Kottayam South P.O., Kodimatha, Kottayam, Kerala – 686013.
Phone: 0481- 2566882, 2567103, 2567104, Fax: 0481-2561442, E-mail: mdopil@yahoo.co.in

5. **സിലഷൻ നടത്തുന്ന ഒഴിവുകളുടെ എണ്ണം:**
150 (75 പുരുഷൻമാർ, 75 സ്ത്രീകൾ)

6. **ജോലിയുടെ സ്വഭാവം:**
പ്ലാന്റേഷനുകളിലെ എണ്ണപ്പനയിൽ നിന്നും കുലവെട്ട്, പ്രൂണിംഗ്, കാട് വെട്ടി തെളിക്കുക, വളമിടുക മുതലായ ജോലികളും, പ്ലാന്റേഷനിലെ അനുബന്ധ ജോലികളും മേലുദ്യോഗസ്ഥർ അതാത് ദിവസം നിശ്ചയിക്കുന്നതനുസരിച്ച് ചെയ്യുവാൻ ബാദ്ധ്യസ്ഥരാണ്.

7. **നിയമന സ്ഥലം:**
ഏരൂർ എസ്റ്റേറ്റ്, ചിതറ എസ്റ്റേറ്റ്, കുളത്തുപ്പുഴ എസ്റ്റേറ്റ്, ഓയിൽ പാം സീഡ് ഗാർഡൻ, തൊടുപുഴ എന്നീ സ്ഥലങ്ങളിലോ കമ്പനിയുടെ ഇന്ത്യയിലുള്ള ഏതു യൂണിറ്റുകളിലോ മാനേജ്മെന്റിന്റെ താത്പര്യാർത്ഥം നിയമിക്കാവുന്നതും, മാറ്റി നിയമിക്കാവുന്നതുമാണ്. അത്തരത്തിൽ നിയമിക്കുകയോ മാറ്റി നിയമിക്കുകയോ ചെയ്യുന്ന പക്ഷം ടി യൂണിറ്റിൽ ഹാജരായി ജോലി ചെയ്യുവാൻ ബാധ്യസ്ഥരാണ്.

8. **ദിവസവേതനം:**

| | | |
|---|---|---|
| **(എ) നിലവിലെ അടിസ്ഥാന പ്രതിദിന വേതനം** | | |
| സ്കിൽഡ് വിഭാഗം | - | 512.00 രൂപ |
| സെമി സ്കിൽഡ് വിഭാഗം | - | 480.00 രൂപ |
| ജനറൽ വിഭാഗം | - | 447.00 രൂപ |
| **(ബി) നിലവിലെ പ്രതിദിന ഡി.എ.** | – | 62.00 രൂപ |

9. **വയസ്സ് തെളിയിക്കുന്നതിനായി അംഗീകരിച്ചിട്ടുള്ള രേഖകൾ:**
എസ്.എസ്.എൽ.സി. ബുക്കിലെ സംഗതമായ പേജിന്റെ ശരിപ്പകർപ്പ് അല്ലെങ്കിൽ സ്കൂൾ അഡ്മിഷൻ രജിസ്റ്ററിന്റെ പകർപ്പ് അല്ലെങ്കിൽ വിടുതൽ സർട്ടിഫിക്കറ്റിന്റെ ജനനതീയതി ഉൾപ്പെട്ടിട്ടുള്ള പകർപ്പ് മുതലായ വിദ്യാഭ്യാസ സംബന്ധമായ രേഖകൾ മാത്രമേ ജനനത്തീയതി തെളിയിക്കുന്നതിനുള്ള പ്രമാണങ്ങളായി സ്വീകരിക്കുകയുള്ളൂ. മറ്റു രേഖകൾ ഇതിനായി അംഗീകരിക്കുന്നതല്ല.

10. **സിലക്ഷൻ നടപടിക്രമം:**
ലഭിക്കുന്ന യോഗ്യരായ അപേക്ഷകളുടെ എണ്ണവും മറ്റും കണക്കിലെടുത്ത് ഉചിതമായ സിലക്ഷൻ നടപടിക്രമങ്ങൾ സ്വീകരിക്കുന്നതാണ്. സിലക്ഷൻ നടപടിക്രമങ്ങളുടെ ഭാഗമായി ശാരീരിക ക്ഷമത, തൊഴിൽവൈഭവം എന്നിവ പരീക്ഷിക്കുന്നതിനായുള്ള ടെസ്റ്റുകളും അഭിമുഖവും ഉണ്ടായിരിക്കുന്നതാണ്. സിലഷൻ നടപടിക്രമങ്ങളുടെ ഭാഗമായി നടത്തുന്ന ഓരോ ടെസ്റ്റിനെ തുടർന്നും മിനിമം യോഗ്യത/മാർക്ക് തുടങ്ങിയ മാനേജ്മെന്റ് തീരുമാനിക്കുന്ന

# OIL PALM INDIA LIMITED

(A joint venture of the Govt. of Kerala and the Govt. of India)
Regd. Office: XIV / 130, Kottayam South P.O., Kodimatha, Kottayam, Kerala – 686013.
Phone: 0481- 2566882, 2567103, 2567104, Fax: 0481-2561442, E-mail: mdopil@yahoo.co.in

മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഉദ്യോഗാർത്ഥികളുടെ ചുരുക്ക പട്ടിക തയ്യാറാക്കി സിലക്ഷൻ നടപടിക്രമങ്ങളുടെ തുടർ ഘട്ടങ്ങളിലേക്ക് പരിമിതപ്പടുത്തുന്നതിന് പൂർണ്ണ സ്വാതന്ത്ര്യവും അവകാശവും മാനേജ്മെന്റിന് ഉണ്ടായിരിക്കുന്നതാണ്.

**11.** പ്ലാന്റേഷനിലെ ബുദ്ധിമുട്ടേറിയ പ്രതലത്തിൽ ദേഹാധ്വാനമുള്ള ജോലികൾ ചെയ്യുന്നതിനുള്ള ശാരീരികക്ഷമത ഉണ്ടായിരിക്കേണ്ടതും നിയമനം ലഭിക്കുന്നവർ ഇത്തരത്തിൽ ശാരീരികക്ഷമത തെളിയിക്കുന്ന സർട്ടിഫിക്കറ്റ് സർക്കാർ ആശുപത്രിയിലെ അസി. സർജനിൽ കുറയാത്ത ഡോക്ടറുടെ പക്കൽ നിന്നുള്ളതും, ഉദ്യോഗാർത്ഥിയുടെ സ്വഭാവം, പൂർവ ചരിത്രം എന്നിവ സംബന്ധിച്ച് ഗസറ്റഡ് റാങ്കിലുള്ള സംസ്ഥാന സർക്കാരിലെ 2 ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയ നിശ്ചിത മാതൃകയിലുള്ള സാക്ഷ്യപത്രവും നിയമനത്തിനു മുമ്പായി നിർദ്ദേശാനുസരണം ഹാജരാക്കേണ്ടതാണ്. ഇത്തരത്തിൽ സർട്ടിഫിക്കറ്റുകൾ/ സാക്ഷ്യപത്രം നിശ്ചിത സമയത്തിനുള്ളിൽ ഹാജരാക്കുന്നവർക്കു മാത്രമേ നിയമനം ലഭിക്കുവാൻ അർഹതയുണ്ടായിരിക്കുകയുള്ളൂ.

**12.** ജോലിയിൽ പ്രവേശിക്കുന്നതിനു മുമ്പായി കമ്പനി ഡോക്ടറുടെ മുമ്പാകെയോ/കമ്പനി നിർദ്ദേശിക്കുന്ന ഡോക്ടറുടെ മുമ്പാകെയോ മെഡിക്കൽ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതും, പരിശോധനയിൽ മെഡിക്കൽ ഫിറ്റ്നസ് ലഭിക്കുന്നവർക്ക് മാത്രമേ ജോലിയിൽ പ്രവേശിക്കുവാൻ സാധിക്കുകയുള്ളൂ.

**13.** സിലക്ഷൻ നടപടികൾക്കും നിയമനത്തിനുമായി തെറ്റായ രേഖകളോ, കളവായ സത്യപ്രസ്താവനകളോ നൽകുകയോ, പത്താം ക്ലാസിനു മേൽ വിദ്യാഭ്യാസ യോഗ്യതയുള്ളത് മറച്ച് വച്ച് നിയമനം തരപ്പെടുത്തുകയോ ചെയ്തു എന്ന് ബോധ്യപ്പെട്ടാൽ അവരുടെ നിയമനം റദ്ദ് ചെയ്യുന്നതും അവർ ക്രിമിനൽ നടപടികൾക്ക് വിധേയരാകുന്നതുമാണ്.

**14.** നിയമനത്തിനായി ഏതെങ്കിലും രീതിയിൽ സ്വാധീനം ചെലുത്തുവാൻ ശ്രമിക്കുന്നവരെ അയോഗ്യത കൽപ്പിച്ച് നിയമന നടപടികളിൽ നിന്നും ഒഴിവാക്കുന്നതാണ്.

(ഒപ്പ്)

**മാനേജിംഗ് ഡയറക്ടർ**

സ്ഥലം: കോട്ടയം

തീയതി: 17.10.2018

**Recruitment Advertisement No. OP/PD/2018/05 Dated 17.10.2018**